"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - പാരിപ്പള്ളി അമൃത ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി.സ്മിത സത്യൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)29783/2021-ന്മേലുള്ള 21/12/2021-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5769/2022/GEDN തീയതി,തിരുവനന്തപുരം, 06-10-2022

---

പരാമർശം:-

1. ശ്രീമതി.സ്മിത സത്യൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)29783/2021-ന്മേലുള്ള 21/12/2021-ലെ വിധിന്യായം
2. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ .04.2022-ലെ ബി6/276/2022 നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.04.2022-ലെ ഇറ്റി1/3058/22/ഡിജിഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാരിപ്പള്ളി അമൃത ഹയർ സെക്കന്ററി സ്കൂളിലെ എച്ച്എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി.സ്മിത സത്യൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.29783/2021-ന്മേലുള്ള 21.12.2021-ലെ വിധിന്യായത്തിൽ ഹർജിക്കാരി ഫയൽ ചെയ്ത എക്സിബിറ്റ് പി6 റിവിഷൻ ഹർജി, ഹർ ജിക്കാരിയെയും 5-ാം എതിർ കക്ഷിയെയും നേരിൽ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം 19.05.2022 ന് ഈ കേസുമായി ബന്ധപ്പെട്ടവരെ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. ഹിയറിംഗിൽ പരാതിക്കാരിയായ പാരിപ്പള്ളി അമൃത സംസ്കൃതം എച്ച്.എസ്.എസിലെ ശ്രീമതി. സ്മിത സത്യൻ, എച്ച്.എസ്.ടി (ഇംഗ്ലീഷ്) നു വേണ്ടി കൗൺസലും, കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെയും പ്രതിനിധികളും പങ്കെടുത്തു.

**2. ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു**

"ശ്രീമതി.സ്മിത സത്യനെ മാനേജർ 01.06.2010 മുതൽ യു.പി.എസ്.എ. അഡീഷണൽ

തസ്തികയിൽ നിയമിച്ചു. എന്നാൽ 17.08.2005-ലെ സ.ഉ.(പി)317/2005/പൊ.വി.വ. പ്രകാരം 2006-07 മുതൽ കുട്ടികളുടെ സംഖ്യാബലം കണക്കിലെടുത്ത് അധിക തസ്തികകൾ നിയമനം അനുവദിക്കുന്നതിൽ നിരോധനം ഏർപ്പെടുത്തി. അതിനാൽ 01.06.2010 മുതലുള്ള നിയമനം അംഗീകരിച്ചില്ല. തുടർ ന്ന് 12.01.2010-ലെ ജി.ഒ.(പി)10/2010/പൊ.വി.വ. പ്രകാരം അധിക തസ്തികകളിൽ നിയമന നിരോധനം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് മുൻകാല പ്രാബല്യത്തിൽ സർക്കാർ പിൻവലിച്ച്, കുട്ടികളുടെ സംഖ്യാബലത്തിന് അനുസൃതമായി നിയമന നിരോധന കാലയളവിൽ അനുവദിക്കാമായിരുന്ന തസ്തികകൾ അനുവദിക്കുന്നതിന് ഉത്തരവായി. എന്നാൽ ഇപ്രകാരം നിയമന നിരോധന കാലയളവിൽ മാനേജർമാർ നടത്തിയ നിയമനം അംഗീകരിക്കുന്നതിന് 01.06.2010.ന് ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന നിരോധന കാലയളവിൽ നടത്തിയ നിയമനങ്ങൾക്ക് തുല്യമായ എണ്ണം സംരക്ഷിതാദ്ധ്യാപകരെ 1:1 അനുപാതത്തിൽ നിയമിച്ചുകൊള്ളാമെന്ന ബോണ്ട് മാനേജർ സമർപ്പിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ മാനേജർ ഇപ്രകാരമുള്ള ബോണ്ട് സമർപ്പിച്ചിട്ടില്ല അക്കാരണത്താൽ ഹർജിക്കാരിയുടെ 01.06.2010 മുതലുള്ള യു.പി.എസ്.എ. തസ്തികയിലെ നിയമനം അംഗീകരിക്കാതെ തുടരുകയായിരുന്നു. ഇങ്ങനെ തുടരവെ 01.10.2011.ലെ ജി.ഒ.(പി)199/2011/പൊ.വി.വ. പ്രകാരം നിലവിൽ വന്ന അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01.06.2011 മുതൽ ഹർജിക്കാരിയുടെ നിയമനം യു.പി.എസ്.എ. തസ്തികയിൽ അംഗീകരിച്ചു നൽകി. തുടർന്ന്, യോഗ്യതകളുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ 04.06.2012 മുതൽ എച്ച്.എസ്.എ(ഇംഗ്ലീഷ്) തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുകയും, ആയത് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയുമുണ്ടായി. അതിനാൽ 01.06.2010 മുതൽ 31.05.2011 വരെയുള്ള യു.പി.എസ്.എ. നിയമനാംഗീകാര വിഷയമാണ് കോടതി വിധി പ്രകാരം പരിഗണിക്കേണ്ടത്. എന്നാൽ 01.06.2011-ലെ സർക്കാർ ഉത്തരവിൽ 01.06.2011.നു മുമ്പുള്ള സേവന കാലയളവ് ഓരോ കേസും പ്രത്യേകം പരിഗണിച്ച് കെ.ഇ.ആർ. ഭേദഗതി വരുത്തുന്നതിനെ തുടർന്ന് അംഗീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. 25.10.2011.ലെ 60930/J2/11/പൊ.വി.വ. പ്രകാരമുള്ള സർക്കാരിന്റെ കത്തിലെ വിശദീകരണത്തിലും ആയത് വ്യക്തമാക്കുന്നു. കെ.ഇ.ആർ.-ൽ ഭേദഗതി വരുത്തി 01.06.2011.ന് മുമ്പുള്ള കാലയളവ് അംഗീകരിക്കേണ്ടതില്ലായെന്ന് G.O.(P)154/2014/പൊ.വി.വ. തീയതി 11.08.2014 പ്രകാരം ഉത്തരവായെങ്കിലും ഈ തീരുമാനം ബഹു. കോടതി റദ്ദ് ചെയ്തു. അതിനാൽ 01.06.2010 മുതൽ 31.05.2011 വരെയുള്ള യു.പി.എസ്.എ. നിയമനാംഗീകാരം പരിഗണനാർഹമാണ്. കൂടാതെ, State of Kerala & Others Vs Sumadevi & Others എന്ന കേസിലെ വിധിന്യായത്തിലും മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് നിരോധന

കാലയളവിലെ നിയമനം അംഗീകരിക്കുന്നതിന് ഉത്തരവായിരുന്നു. ഇപ്രകാരം 10 അധ്യാപകരുടെ നിയമനം 03.03.2022.ലെ സ.ഉ.(സാധാ)നം.1264/2022/പൊ.വി.വ. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സമാന രീതിയിലുള്ള ഹർജിക്കാരിയുടെ ആവശ്യവും പരിഗണിച്ച് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി കോടതിവിധി നടപ്പിലാക്കണമെന്നും അപേക്ഷിക്കുന്നു."

3)മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു വിദ്യാഭ്യാസ ഓഫീസർമാർ അറിയിച്ചത് മാനേജർ ബോണ്ട് സമർപ്പിക്കാത്തതിനാലാണ് അധിക തസ്തികയിലെ യു.പി.എസ്.എ. നിയമനം നിരസിച്ചതെന്നാണ്. എന്നാൽ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി ടിയാരിയുടെ നിയമനം 01.06.2011 മുതൽ അംഗീകരിച്ചിട്ടുണ്ട്. എച്ച്.എസ്.എ.(ഇംഗ്ലീഷ്) നിയമനം 04.06.2012 മുതൽ അംഗീകരിച്ചു. 2019-20-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം തസ്തിക നഷ്ടപ്പെട്ട ശ്രീമതി.സ്മിത സത്യൻ നിലവിൽ ചടയമംഗലം ബി.ആർ.സി.യിൽ ക്ലസ്റ്റർ റിസോഴ്സ് കോ-ഓർഡിനേറ്ററായി ജോലി ചെയ്തു വരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി, 01.06.2011.നു മുൻപുള്ള കാലയളവ് അംഗീകരിക്കുന്നതിന് സർക്കാർ ഉത്തരവില്ലായെങ്കിലും പലർക്കും ഇതേ ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ശ്രീ.സ്മിത സത്യനെ യു.പി.എസ്.എ ആയി നിയമിച്ചിരിക്കുന്നത് 01.06.2010 തീയതിയിലാണ്. ആയത് നിയമന നിരോധന കാലയളവിലല്ല ഈ നിയമനം സ.ഉ.നം.10/10/പൊ.വി.വ തീയതി 12.01.2010 സർക്കാർ ഉത്തരവിലെ clause (v), (vi)ന്റെ പരിധിയിൽ വരുന്നതാണ്. അതായത് 2006-07മുതൽ 2009-10 കാലയളവ് വരെ അധിക ഡിവിഷൻ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് തുല്യഎണ്ണം സംരക്ഷിത അദ്ധ്യാപകരെ നിയമിക്കാമെന്ന സത്യപ്രസ്താവന ആയവരുടെ നിയമനാംഗീകാരം ലഭ്യമാക്കുന്നതിലേക്കായി മാനേജർ സമർപ്പിച്ചിട്ടുണ്ടെങ്കിൽ, 2010-11 മുതൽ പുതിയ ഒഴിവ് വരുന്ന ഘട്ടത്തിൽ സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടതെന്ന വ്യവസ്ഥ ശ്രീമതി.സ്മിത സത്യനെ നിയമിച്ചപ്പോൾ മാനേജർ പാലിച്ചിട്ടില്ല. എന്നാൽ, പാരിപ്പള്ളി അമൃത സംസ്കൃത എച്ച്.എസ്.എസ്.ലെ മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി 2006-07 മുതൽ 2009-10 കാലയളവ് വരെ അധിക ഡിവിഷൻ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് കോടതിവിധിയുടെ അടിസ്ഥാനത്തിൽ, ഈ വിഷയത്തിൽ ബഹു.സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ

വിധിക്കു വിധേയമായി അംഗീകരിച്ചു നൽകിയിട്ടുണ്ട്.

5) ആയതിനാൽ,മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി ബഹു.സുപ്രീം കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി സംരക്ഷിതാധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥയിൽ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ ടിയാളുടെ നിയമനം 01.06.2010 തീയതി പ്രാബല്യത്തിൽ അംഗീകരിക്കുന്നതിന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പാരിപ്പള്ളി അമൃത ഹയർ സെക്കന്ററി സ്കൂളിലെ എച്ച്എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി. സ്മിത സത്യൻ ഫയൽ ചെയ്ത എക്സിബിറ്റ് പി 6 റിവിഷൻ ഹർജി തീർപ്പാക്കി അപ്രകാരം ഹർജിക്കാരി ബഹു കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.29783/2021-ന്മേലുള്ള 21.12.2021.ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, അമൃത ഹയർ സെക്കന്ററി സ്കൂൾ, പാരിപ്പള്ളി
ശ്രീമതി. സ്മിത സത്യൻ, എച്ച്.എസ്.ടി (ഇംഗ്ലീഷ്),
അമൃത ഹയർ സെക്കന്ററി സ്കൂള്, പാരിപ്പള്ളി
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 12-10-2022 15:03:16**
സെക്ഷൻ ഓഫീസർ